മരുന്നുതളിയുടെയും ചെലവടക്കം) നൽകി ഒന്നാംവട്ട മരുന്നുതളി നടത്തിയിരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂലിചെലവിനത്തിൽ തെങ്ങൊന്നിന് 3 രൂപയും നല്കിയിരുന്നു. ഒന്നാംവട്ട മരുന്നുതളിയ്ക്ക് 17.94 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഉദ്ദേശം 2.77 കോടി തെങ്ങുകളിൽ മരുന്നുതളി നടത്തിയിട്ടുമുണ്ട്.

(സി) വിളനഷ്ടം വന്നതിന് സഹായം നൽകുന്നതിന് പദ്ധതികൾ ഇപ്പോൾ നിലവിലില്ല. (പുതിയ പദ്ധതിയെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചുവരുന്നു). നാളികേര വൃക്ഷങ്ങളെ രോഗകീടബാധകൾക്കെതിരെ ഇൻഷ്വർ ചെയ്യുവാനും അതിലൂടെ നഷ്ടമുണ്ടാകുന്ന കേരകർഷകരെ സഹായിക്കുവാനുമുള്ള ഒരു പദ്ധതിക്ക് ഗവണ്മെന്റ് രൂപം നൽകിവരുന്നുണ്ട്.

(ഡി) അന്തിമരൂപമായിട്ടില്ല.

(ചോദ്യം നമ്പർ 371 & 378 – ന്റെ ഉത്തരം ലഭിച്ചിട്ടില്ല).

വാട്ടർഷെഡ് പ്രോഗ്രാം

74 (382)ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇക്കൊല്ലം എത്ര പഞ്ചായത്തുകളിലാണ് വാട്ടർഷെഡ് പ്രോഗ്രാം നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് ബ്ലോക്കുതലത്തിൽ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുന്നതിന് നിർദ്ദേശം നൽകുമോ;

(സി) ഇക്കൊല്ലം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഏകദേശം 210 പഞ്ചായത്തുകളിൽ.

(ബി) എല്ലാ വാട്ടർഷെഡുകളിലെയും തെരഞ്ഞെടുത്ത കർഷകർക്ക് ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) കാരോട്, കുന്നത്തുകൽ, ഉഴമലയ്ക്കൽ, വെങ്ങാനൂർ, വിഴിഞ്ഞം, പള്ളിച്ചൽ, ആനാട്, വട്ടിയൂർക്കാവ്, അണ്ടൂർക്കോണം, മുദാക്കൽ, ചെമ്മരുത്തി, കിളിമാനൂർ, മണിക്കൽ എന്നീ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

ബ്ളൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ

(304)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബ്ളൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളുണ്ടായിരുന്നു;

(ബി) അവയുടെ പ്രതിവർഷ ഉൽപ്പാദനം എത്രയായിരുന്നു;

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനു തൊട്ടുമുൻപ് ഒരു വർഷം എത്ര ഇൻഡ്യൻ നിർമ്മിത വിദേശമദ്യം സംസ്ഥാനത്ത് വിറ്റഴിഞ്ഞു;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ബ്ളൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളുണ്ട്;

(ഇ) അവയുടെ പ്രതിവർഷ ഉൽപ്പാദനം എത്രയാണ്;

(എഫ്) 1999-2000-ൽ എത്ര ഇൻഡ്യൻ നിർമ്മിത വിദേശമദ്യം സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്തു;

(ജി) സംസ്ഥാനത്ത് ഒരു വർഷം എത്ര വ്യാജമദ്യം കൊണ്ടുവരുന്നതായി കണക്കാക്കിയിട്ടുണ്ട്;

(എച്ച്) സംസ്ഥാനത്ത് പ്രതിശീർഷ മദ്യ ഉപഭോഗം എത്രയാണ്;

(ഐ) സംസ്ഥാനത്ത് മദ്യത്തിനുവേണ്ടി പ്രതിവർഷം എന്തുതുക ചെലവിടുന്നു;

(ജെ) ഇൻഡ്യൻ സംസ്ഥാനങ്ങളിൽ മദ്യപാനത്തിന്റെ അളവിൽ കേരളത്തിന്റെ സ്ഥാനം എത്രാമത്തേതാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) 15 എണ്ണം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 32.53 ലക്ഷം കേസ്.

(ഡി) 19 എണ്ണം.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 13.83 ലക്ഷം കേസ്സുകൾ.

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്)&(ഐ) കണക്കാക്കിയിട്ടില്ല.

(ജെ) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

വ്യാജമദ്യലോബിയുടെ പ്രവർത്തനം

(305) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാജ മദ്യലോബിയുടെ പ്രവർത്തനം അതിശക്തമായ തോതിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വ്യാജമദ്യ ലോബിയുടെ പ്രവർത്തനങ്ങളും സ്പിരിറ്റ് മാഫിയായുടെ പ്രവർത്തനങ്ങളും തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly